# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1555 13.06.2014-ൽ മറുപടിയ്ക്ക്

## പ്രിന്റ് ചെയ്ത ഫോറങ്ങളും രജിസ്റ്ററുകളും അശ്രദ്ധമൂലം നശിച്ചുപോകുന്ന സ്ഥിതിവിശേഷം

**ചോദ്യം**

ശ്രീ.എം.ഹംസ

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ, പ്രിന്റ് ചെയ്ത ഫോറങ്ങളും രജിസ്റ്ററുകളും ബൈന്റിംഗ് സെക്ഷനിലേയും പ്രിന്റിംഗ് സെക്ഷനിലേയും വരാന്തയിൽ അട്ടിയിട്ടിരിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) വർഷകാലം ആരംഭിക്കുന്നതോടെ അച്ചടിച്ച ഫോറങ്ങളും മറ്റും നനഞ്ഞ് നശിച്ചുപോകാൻ സാദ്ധ്യതയുണ്ടെന്നും അതുവഴി വൻ സാമ്പത്തികനഷ്ടം ഉണ്ടാകാനിടയുണ്ട് എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫോറങ്ങളും, രജിസ്റ്ററുകളും ഫോറം സ്റ്റോറുകൾവഴി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാഫാറം സ്റ്റോറുകൾവഴി വിതരണം ചെയ്യേണ്ട ഫോറങ്ങളും രജിസ്റ്ററുകളും വിവിധ ജില്ലാഫാറം ഓഫീസുകളിലേക്ക് എത്തിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അച്ചടിച്ചവ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് മുഖാന്തിരവും ഫോൺ മുഖാന്തിരവും അറിയിപ്പ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ